# സ്കൂൾ മാസ്റ്റർ പ്ലാൻ

## GUPS പള്ളങ്കോട് 2025 (കരട്)

### അക്കാദമികം : ഭാഷ: ലക്ഷ്യം:

മാതൃഭാഷയിൽ എഴുതാനും വായിക്കാനും അറിവ് നേടാനും സംസാരിക്കാനും സർഗ്ഗാത്മമകതയിൽ ഏർപ്പെടാനും ഉതകുന്ന രീതിയിൽ മുഴുവൻ കുട്ടികളുടെയും ഭാഷാശേഷി വളർത്തി എടുക്കുക പ്രവർത്തനങ്ങൾ: ഭാഷാശേഷിയിൽ പിന്നോക്കക്കാരെ കണ്ടെത്തുക പിന്നോക്കക്കാർക്ക് ഉതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുക.

### ഇംഗ്ലീഷ്:

ഇംഗ്ലീഷിൽ മുഴുവൻ കുട്ടികൾക്കുമായി റീഡിങ്ങ് ഫോർ ലോണിങ്ങ് എന്ന പരിപോഷണ പദ്ധതി തുടങ്ങുക . ഇംഗ്ലീഷ് വായനാ സാമഗ്രികൾ, കാർട്ടൂണുകൾ, പുസ്തകങ്ങൾ , ക്ലാസുകൾ ക്യാമ്പുകൾ എന്നിവ വഴി ഇംഗ്ലീഷ് ഭാഷാശേഷി ഉയർത്തുക.

### അറബിക് :

സർഗ്ഗാത്മകമായ കഴിവുകൾ വളർത്താനും അക്കാദമിക നിലവാരം ഉയർത്താനും സ്കൂൾതല അറബി ഭാഷാ പരിപോഷണ പദ്ധതി നടപ്പിലാക്കുക.

### ഗണിതം:

ഗണിതം മധുരതരവും ലളിതവുമാക്കി അവതരിപ്പിക്കാനായി ഗണിതം ലളിതം എന്ന പേരിൽ ഗണിത പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ തന്നെ നൽകി ഗണിത പഠനം ആയാസകരമല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക .ഗണിത പസിലുകൾ, ഗണിത ചാർട്ടുകൾ ഗണിതരൂപങ്ങൾ എന്നിവയുടെ നിർമ്മാണ ക്കളരി സംഘടിപ്പിക്കുക.

## ശാസ്ത്രം:

ശാസ്ത്ര ലാബ് ഒരുക്കുക .സ്കൂൾ ശാസ്ത്ര ലാബ് ഒരുക്കുുകയും കുട്ടികൾക്ക് ശാസ്ത്ര കിറ്റ് തയ്യാറാക്കാൻ സഹായിക്കുകയും ചെയ്യുക. ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ചിന്തകൾ പോഷിപ്പിക്കുക.

## സാമൂഹ്യ ശാസ്ത്രം:

സാമൂഹിക ശാസ്ത്ര ക്ലബിൻ്റെ നേതൃത്വത്തിൽ നാട്ടറിവുകൾ ശേഖരിച്ച് സ്കൂൾ പ്രാദേശിക ചരിത്ര രേഖ നിർമ്മിക്കുക . പ്രദേശത്തിൻ്റെ ചരിത്ര പരമായ പ്രത്യേകതകൾ കണ്ടെത്തി രേഖപ്പെടുത്തുക സാമൂഹ്യ ശാസ്ത്ര ക്ലബിൻ്റെ പ്രവർത്തനം സാമൂഹിക ചരിത്ര പഠനത്തിനായി വിനിയോഗിക്കുക. സ്കൂൾ പ്രവർത്തനങ്ങൾ: ദിനാചരണങ്ങളെ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

## സ്കൂൾ റേഡിയോ :

റേഡിയോ നെല്ലിക്ക ആപ്പ് ഉപയോഗിച്ച് റേഡിയോ പ്രക്ഷേപണം സാധ്യമാക്കുക .

## ഹരിത വനം പദ്ധതി:

സ്കൂളിൻ്റെ തനത് സ്ഥലത്ത് ഫലപക്ഷതൈകൾ നട്ട് സംരക്ഷിക്കുവാനുള്ള പദ്ധതി. സ്കൂൾ കളിസ്ഥലത്തിനു താഴെയുള്ള ചെരിഞ്ഞ സ്ഥലത്ത് ഫലവൃക്ഷങ്ങൾ നട്ട് പിടിപ്പിച്ച് സംരക്ഷിക്കുക കുട്ടിക്ക് ഒരു ഫലവൃക്ഷം എന്ന പേരിൽ പദ്ധതി ആരംഭിക്കേണ്ടതാണ്.

## മാതൃകാ ശുചിത്വ വിദ്യാലയം:

GUPS പള്ളങ്കോടിനെ ജില്ലയിലെ മാതൃകാ ശുചിത്വ വിദ്യാലയമായി മാറ്റാനുള്ള കർമ്മ പദ്ധതി തുടരുക പ്ലാസ്റ്റിക്, കാർബൺ , ഇവേസ്റ്റുകൾ നിർമ്മാർജനം ചെയ്യുക. ജൈവ മാലിന്യങ്ങൾ നിർമാർജനം ചെയ്യാൻ കർമ്മ പദ്ധതി തയ്യാറാക്കുക

## സഹജീവികൾക്ക്സ്നേഹവിരുന്ന് :

വിദ്യാലയ പരിസരത്ത് എത്തുന്ന പക്ഷികൾക്കും മറ്റു വന്യജീവികൾക്കും ഭക്ഷണവും വെള്ളവും നൽകാൻ പരിസ്ഥിതി ക്ലബിൻ്റെ സഹായത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുക